(സി) എംപാനൽ വ്യവസ്ഥയിലാണ് നിയമിച്ചിട്ടുള്ളത്. ഒരു ഡ്യൂട്ടിയ്ക്ക് 110 രൂപാ ക്രമത്തിലാണ് വേതനം നൽകുന്നത്.

(ഡി ആന്റ് ഇ) ഇതു സംബന്ധിച്ച ഹർജി ലഭിച്ചിട്ടുണ്ട്. കോടതി തീരുമാനത്തിന് വിധേയമായി ഇക്കാര്യത്തിൽ അന്തിമതീരുമാനമെടുക്കുന്നതാണ്.

കെ. എസ്. ആർ. ടി. സി.-യിൽ എംപാനൽ വ്യവസ്ഥയിൽ കണ്ടക്ടർ നിയമനം

120 [2247] ശ്രീ. കെ. എൻ. എ. ഖാദർ:

,, കെ. കുട്ടി അഹമ്മദ്കുട്ടി:

,, സി. മമ്മൂട്ടി:

,, പി. കെ. കെ. ബാവ:

,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ കണ്ടക്ടർ തസ്തികയിൽ പി. എസ്. സി. ലിസ്റ്റിൽനിന്നും ഉദ്യോഗാർത്ഥികളെ എംപാനൽ വ്യവസ്ഥയിൽ നിയമിച്ചതിന്റെ കാരണം അറിയിക്കാമോ;

(ബി) പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം ലഭിച്ചവർക്ക് മാത്രമായിട്ട് എങ്കിലും സ്റ്റാഫ് ഐഡന്റിറ്റി നൽകി ഒരു മാസത്തിൽ 20 ഡ്യൂട്ടി നിബന്ധന വയ്ക്കുന്ന ഗവൺമെന്റ് നടപടി പുന:പരിശോധിക്കുമോ;

(സി) കെ. എസ്. ആർ. ടി. സി.-യിൽ കണ്ടക്ടർമാരെ ഏതു ഗ്രേഡ് ജീവനക്കാരായിട്ടാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ഈ ഗ്രേഡിന് മറ്റു വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾ നൽകുന്ന ദിവസക്കൂലി എത്ര;

(ഇ) ഈ വർദ്ധിച്ച ദിവസക്കൂലി പി. എസ്. സി. ലിസ്റ്റിൽനിന്നും നിയമനം ലഭിച്ച കണ്ടക്ടർമാർക്കെങ്കിലും ബാധകമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി. നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം സ്ഥിര നിയമനങ്ങൾ നടത്താൻ കഴിയാതെ വന്നു. ബഹു. കേരളാ ഹൈക്കോടതി മുൻപാകെ നിലവിലുണ്ടായിരുന്ന ഒ. പി. നം. 37878/01 എന്ന കേസിന്റെ വിചാരണവേളയിൽ ഇക്കാര്യം ബോദ്ധ്യപ്പെടുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ പി. എസ്. സി.-യിലെ ഉദ്യോഗാർത്ഥികൾക്ക് സ്ഥിരം നിയമനം നൽകാൻ കഴിയില്ല എങ്കിൽ അവർക്ക് താൽക്കാലിക വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് ബഹു. കോടതി അനുവാദം നൽകി. (സി. എം. പി. ഓർഡർ നം.62078/01 ഒ.പി. നം. 37878/01) എന്നാൽ ഈ കേസിലെ അന്തിമവിധിയിൽ, പി. എസ്. സി.-യുടെ അഡ്വൈസിന്റെ അടിസ്ഥാനത്തിൽ കെ. എസ്. ആർ. ടി. സി. നിയമിച്ച എല്ലാവരേയും നിശ്ചിത ഡ്യൂട്ടി പൂർത്തീകരിക്കുമ്പോൾ സ്ഥിരമായി കണ്ടക്ടർ- II ഗ്രേഡ് തസ്തികയിൽ നിയമിക്കണമെന്ന് ഉത്തരവാകുകയുണ്ടായി. കെ. എസ്. ആർ. ടി. സി.

LIBRARY ARCHIVES Kerala Legislative Assembly

ഈ വിധിക്കെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ നൽകുകയും (ഡബ്ലിയു./എ. നം. 874/2003) അതിൻമേൽ ബഹു. കോടതി മേൽപ്പറഞ്ഞ പ്രകാരം സ്ഥിരപ്പെടുത്താനുള്ള സിങ്കിൾ ബഞ്ചിന്റെ ഉത്തരവ് സ്റ്റേ ചെയ്യുകയും ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിലാണ് എംപാനൽ വ്യവസ്ഥയിൽ നിയമനം നടത്തിയത്.

(ബി) ജോലിയ്ക്ക് കൃത്യമായി ഹാജരാവാതെ ഐഡന്റിറ്റി കാർഡ് ദുരുപയോഗപ്പെടുത്തുന്നത് തടയുന്നതിന് വേണ്ടിയുള്ള ഈ നിബന്ധന പുനഃപരിശോധിക്കുന്നതിന് തൽക്കാലം ഉദ്ദേശമില്ല.

(സി) തേർഡ് ഗ്രേഡ് ജീവനക്കാരായിട്ടാണ് കണക്കാക്കിയിരിക്കുന്നത്.

(ഡി) വിവരം ലഭ്യമല്ല.

(ഇ) തൽക്കാലം ഉദ്ദേശമില്ല.

കെ. എസ്. ആർ. ടി. സി.-യിലെ റിസർവ്വ് ഡ്രൈവർമാരെ സ്ഥിരപ്പെടുത്തൽ

121 [2248] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ റിസർവ്വ് ഡ്രൈവർമാരായി പി. എസ്. സി. മുഖേന ജോലിയിൽ പ്രവേശിക്കുന്നവരെ റഗുലറൈസ് ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമം എന്താണ്;

(ബി) റിസർവ്വ് ഡ്രൈവർമാരായി ജോലിയിൽ പ്രവേശിച്ചവർ 240 ദിവസം ഡ്യൂട്ടി ചെയ്താൽ അവരെ സ്ഥിരപ്പെടുത്തണമെന്ന് നിലവിൽ വ്യവസ്ഥയുണ്ടോ;

(സി) എങ്കിൽ പി. എസ്. സി. മുഖേന നിയമനം ലഭിച്ച 360 ഡ്രൈവർമാരെ സ്ഥിരപ്പെടുത്താതിരിക്കാൻ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള ഒ.പി. നമ്പർ 378/01 പി. എസ്. സി. ഡ്രൈവർമാരുടെ നിയമനവുമായി ബന്ധപ്പെട്ടതാണോ;

(ഇ) അല്ലെങ്കിൽ അർഹതയുള്ള ആനുകൂല്യം നൽകാതിരിക്കുന്ന കെ. എസ്. ആർ. ടി. സി.-യുടെ നടപടി ഗവൺമെന്റ് പരിശോധിക്കുമോ?

ഉത്തരം

(എ) കെ. എസ്. ആർ. ടി. സി.-യിൽ റിസർവ്വ് ഡ്രൈവർമാരായി പി. എസ്. സി. വഴി സ്ഥിരം നിയമനം ലഭിക്കുന്ന ജീവനക്കാർ 240 ദിവസം ഡ്യൂട്ടി ചെയ്താൽ സർവ്വീസിൽ റഗുലറൈസ് ചെയ്യുവാൻ വ്യവസ്ഥയുണ്ട്.

(ബി) സ്ഥിരം നിയമനം വഴി റിസർവ്വ് ഡ്രൈവർമാരായി ജോലിയിൽ പ്രവേശിച്ചവർ 240 ദിവസം ഡ്യൂട്ടി ചെയ്താൽ അവരെ സർവ്വീസിൽ റഗുലറൈസ് ചെയ്യുവാൻ വ്യവസ്ഥയുണ്ട്.

(സി) പി. എസ്. സി. വഴി നിയമനം ലഭിച്ച 360 ഡ്രൈവർമാരെ സ്ഥിരം വേക്കൻസി ഇല്ലാത്തതിനാൽ താൽക്കാലിക ഡ്രൈവർമാരായാണ് കെ. എസ്. ആർ. ടി. സി.-യിൽ നിയമിച്ചിട്ടുള്ളത്. താൽക്കാലിക ഡ്രൈവർമാരായി നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ നടപടി കോടതി നിർദ്ദേശത്തിന് വിധേയമായി പൂർത്തിയാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly